# ഒരു മുഫ്തിയുടെ ഗതികേട്....!

പി.എ.ജെ തുറക്കൽ

തനിക്ക് മാത്രമേ ദീനീ വിഷയത്തിൽ എന്തെങ്കിലും ഒരു പ്രസ്താവന നടത്താൻ അർഹതയുള്ളു, മറ്റാർക്കും അതിന് അവകാശമില്ല എന്ന് ചിന്തിക്കുന്നവർക്ക് പറഞ്ഞ് കൂടാത്തതും എഴുതിക്കൂടാത്തതുമായി ഒന്നുമുണ്ടാകില്ല. വീണ്ടുവിചാരമില്ലാതെ ആദ്യം എന്തെങ്കിലും എഴുതി വിടും. എതിരാളികളായ മുസ്‌ലിയാക്കൾ അത് പിടികൂടുമ്പോൾ അതിനെതിരിൽ വേറെ എന്തെങ്കിലും വരച്ച് വിടും. ഇത് ഞാൻ ആദ്യം എഴുതിയതിന് എതിരാണെന്ന് അപ്പോൾ ചിന്തിക്കുകയില്ല. 'മനുഷ്യാ, ഇത് താങ്കൾ ആദ്യം പറഞ്ഞതിന് എതിരല്ലേ?, ഇവിടെ ഏതാണ് ശരി?' എന്ന് ചോദിച്ചാൽ വല്ലതും മറുപടി പറയുമോ? അതുമുണ്ടാവില്ല. അത് കാണാത്തത് പോലെ വീണ്ടും വിമർശനങ്ങൾ തുടർന്ന് കൊണ്ടേയിരിക്കും. എഴുതുന്ന ആൾക്ക് ചർമ്മ ബലം അൽപം കൂടുതലാണെങ്കിലും എഴുതിപ്പിക്കുന്നവരും അങ്ങനെത്തന്നെയാണോ എന്ന് സംശയിച്ച് പോകും. ആദ്യം പറഞ്ഞത് നമ്മുടെ മുഫ്തിയുടെ ജദീദ്. വിരോധത്തിന് വേണ്ടി ശേഷം എതിരായി എഴുതിയത് ഓറുടെ ഖദീം. അതിനാൽ ജദീദ് ഖദീമിനേയോ ഖദീം ജദീദിനെയോ ബാത്വിലാക്കുന്നില്ല എന്ന് ധരിച്ച് തക്‌ലീദ് ചെയ്യാൻ മാത്രം വിവരം കുറഞ്ഞ പാവങ്ങളാണാ എഴുതിപ്പിക്കുന്നവർ എന്നും തോന്നുന്നില്ല. കുളിമുറിയിൽ കടന്ന് കതകടച്ച് കുടുങ്ങിപ്പോയ ഒരു മുസ്‌ലിയാരുടെ ഉദാഹരണം എഴുതി ഉരുണ്ട് മറിയുന്ന ഈ മുഫ്തിയുടെ ഗതികേട് അൽപ്പം പാരായണം ചെയ്യാം.

സ്വഫാ-മർവ്വക്കിടയിൽ അങ്ങുമിങ്ങും ഓടിക്കൊണ്ടിരുന്ന ഹാജറ(റ) സഹായിക്കാമോ എന്ന് മലക്കിനോട് സഹായാർത്ഥന നടത്തിയത് തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് തെളിവായി 'തൗഹീദ് ഒരു സമഗ്രപഠനം' എന്ന പുസ്തകത്തിൽ നെല്ലിക്കുത്ത് ഇസ്മായിൽ മുസ്‌ലിയാർ രേഖയാക്കിയതിന് മറുപടിയായി 'തൗഹീദ് ഒരു സമഗ്രവിശകലനം' എന്ന പുസ്തകത്തിൽ അബ്ദുസ്സലാം സുല്ലമി ഇങ്ങനെ എഴുതുന്നു:

''അദൃശ്യ മാർഗ്ഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ മുസ്‌ലിയാക്കൻമാർക്ക് സാധിക്കാത്തത് കൊണ്ടാണ് ബാലിശമായ ഈ വാദം ഉന്നയിക്കുന്നത്'' (തൗഹീദ് ഒരു സമഗ്ര വിശകലനം. പേജ് 309)

ഹാജറ(റ) മലക്കിനോട് ഇസ്തിഗാസ നടത്തിയത് അഭൗതിക മാർഗ്ഗത്തിലൂടെയുള്ള സഹായാർത്ഥനയായി സമഗ്രക്കാരൻ മുസ്‌ലിയാർ ഇവിടെ സ്ഥാപിക്കാൻ ശ്രമിക്കുന്നു.

ഇനി ഇതിന് മറുപടിയായിക്കൊണ്ട് മടവൂർ വിഭാഗം മുഫ്തി ശബാബിൽ പറയുന്നു: ''ഹാജറ ബീവിയുടെ മലക്കിനോടുള്ള സഹായം തേടൽ (ഇസ്തിഗാസ) ശിർക്കാണെന്ന് ഒരു വഹ്ഹാബിയും വാദിച്ചിട്ടില്ല. വാദിക്കുകയുമില്ല. മറഞ്ഞ വഴി എന്നെല്ലാം പറയുന്നതിന്റെ ആശയം എന്താണെന്ന് മനസ്സിലാവാതെ പോയതാണ് ഇത്തരം വിഢ്ഢിത്തങ്ങൾ എഴുതാൻ ഇവരെ പ്രേരിപ്പിക്കുന്നത്'' (ശബാബ് 2005 ജൂലൈ 1)

ഹാജറ(റ) മലക്കിനോട് തേടിയതും സുന്നികളായ ഞങ്ങൾ മരണമടഞ്ഞ മഹാൻമാരോട് തേടുന്നതും ഒരു പോലെയാകുന്നു എന്നാണ് മുസ്‌ലിയാക്കളുടെ വാദമെന്ന് ശബാബിലൂടെ മുഫ്തി ഇവിടെ വ്യക്തമാക്കുന്നു. അഭൗതികം, മറഞ്ഞ വഴി എന്നതെല്ലാം എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്തത് കൊണ്ടാണ് അവരങ്ങനെ പറയുന്നതെന്നും സുല്ലമി വാദിക്കുന്നു. എന്റെ ശബ്ദം

കേൾക്കുന്ന മലക്ക് എന്നെ സഹായിക്കട്ടെ എന്നുദ്ദേശിച്ച് മലക്കിനോട് സഹായം തേടൽ ശിർക്കല്ല എന്ന് ശബാബിലെ മുഫ്തി ഇവിടെ സമ്മതിക്കുകയും ചെയ്യുന്നു.

'തൗഹീദ് ഒരു സമഗ്ര വിശകലനം' എന്ന പുസ്തകത്തിലെഴുതിയത് ഖുറാഫീ മുസ്‌ലിയാക്കൻമാർ പിടി കൂടി. അന്ന് തുടങ്ങിയതാണ് അശരീരിയും കുളിമുറിയും മറഞ്ഞ വഴിയും പറഞ്ഞ് ഉരുണ്ട് മറിയൽ.

വർഷങ്ങൾക്ക് മുമ്പ് തൗഹീദ് ഒരു സമഗ്രവിശകലനത്തിൽ എഴുതി. അതേ കാര്യം തന്നെ 2005 ൽ ശബാബിലും എഴുതി. അതിലൊന്നും അദ്ദേഹത്തിനൊരു കുഴപ്പവുമില്ല. പ്രസ്ഥാനത്തിന് ക്ഷീണം സംഭവിക്കുന്നത് ഒരു പ്രയാസമായി തോന്നിയതുമില്ല. മുഫ്തി ലക്ഷ്യം വെച്ച് കാത്തിരുന്നത് അതൊന്നുമല്ല. എതിർ ഗ്രൂപ്പുകാരെ ഒന്ന് വക വരുത്തണം. അത് കൊണ്ട് മാത്രമേ ഞമ്മന്റെ ഗ്രൂപ്പുകാരുടെ അടുത്ത് വലിയവനാകാൻ കഴിയൂ. ഭൂതക്കണ്ണടയും വെച്ച് നോക്കി നിന്നു. പല്ലിയെ കൊല്ലൽ വിഷയമാക്കിയത് കൊണ്ടൊന്നും വലിയ നേട്ടമുണ്ടായില്ല. അത് പറഞ്ഞ് നടക്കാൻ തന്റെ മുരീദുമാരായ രണ്ടാളെക്കിട്ടി എന്നല്ലാതെ മുജാഹിദുകൾക്കിടയിൽ വേരോട്ടമുണ്ടാക്കാനായില്ല. അപ്പോഴാണ് 2007 ലെ ഇസ്‌ലാഹിൽ നിന്ന് നാല് വരി കിട്ടിപ്പോയത്. പിന്നെ നോക്കി നിന്നില്ല. പേനയെടുത്ത് വലിച്ചെഴുതാൻ തുടങ്ങി. ''തൗഹീദ് തകരുന്നേ, ഇസ്തിഗാസ വരുന്നേ.........ഇസ്തിഗാസ''. അത് വരെ താനെഴുതിയതൊക്കെ തിരിച്ചെഴുതാൻ തുടങ്ങി. വർഷങ്ങൾക്ക് മുമ്പ് 'തൗഹീദ് ഒരു സമഗ്ര വിശകലന'ത്തിലും 2005 ൽ ശബാബിലും എഴുതിയതിന് നേരെ എതിരിലായിരുന്നു മുഫ്തിയുടെ പേനയുന്തൽ. അങ്ങനെ മുഫ്തിക്ക് തന്നെ മുഫ്തി മറുപടി എഴുതി. എന്നാൽ തന്നെത്തന്നെയാണ് താൻ വിമർശിക്കുന്നതെന്ന് തിരിഞ്ഞോ? ഇല്ല. തിരിയികുയില്ലല്ലോ. ഹാജറ(റ)യുടെ ഇസ്തിഗാസ ഖുറാഫികൾ തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് രേഖയാക്കിയപ്പോൾ അദ്ദേഹം ഒരു കാര്യം തുറന്നെഴുതി. മരുഭൂമിയിൽ കുടുങ്ങിയ ആൾക്ക് അശരീരിയുടെ പുറകിൽ കൂടാമെന്ന്. ഹാജറ ബീവിയുടെ സംഭവം അടിസ്ഥാനമാക്കി 'നിന്റെയടുക്കൽ വെള്ളമുണ്ടെങ്കിൽ എന്നെ സഹായിക്കൂ' എന്ന് ദയനീയമായി സഹായ തേട്ടം നടത്തിയാൽ അയാൾ ശിർക്ക് ചെയ്യുന്നില്ല എന്നും.

2007 ഏപ്രിൽ മാസത്തിലെ ഇസ്‌ലാഹിന് മറുപടി ഒപ്പിക്കുന്ന കൂട്ടത്തിൽ സുല്ലമി തന്നെ 2005 ജൂലൈ മാസത്തിലെ ശബാബിൽ താൻ തന്നെ എഴുതിയ ലേഖനത്തിന്റെ ഒരു ഭാഗം ഉദ്ധരിച്ചത് കാണാം. 2007 മെയ് നാലിലെ ശബാബിലാണത് ഉദ്ധരിക്കുന്നത്. മുസ്‌ലിയാർക്ക് മറുപടിയെഴുതുകയായത് കൊണ്ട് അവിടെ രക്ഷ കിട്ടാനായി അദ്ദേഹം ഒരു വേല ഒപ്പിച്ചു. ശബാബിലെ അതേ ഭാഗം ഇസ്‌ലാഹിന് മറുപടിയായി വീണ്ടും ശബാബിൽ കൊണ്ട് വന്നപ്പോൾ ഇസ്‌ലാഹിനെതിരിലായത് കൊണ്ട് അതിൽ ഒരു ഭാഗം തനിക്ക് അപകടം വരുത്തി വെക്കുമെന്ന് അറിയാവുന്ന സുല്ലമി 2005 ലെ ലേഖനത്തിന്റെ ഇടയിൽ നിന്ന് അത് മുറിച്ച് മാറ്റിയ ശേഷമാണ് 2007 ൽ മറുപടിയായി എഴുതിയത്. ആ ഭാഗം വായനക്കാർ നോക്കിക്കാണുക.

''ഒരു മുസ്‌ലിയാർ ഒരു മരുഭൂമിയിൽ അകപ്പെട്ടു. ദാഹജലത്തിന് വേണ്ടി അയാൾ നെട്ടോട്ടം ഓടുകയാണ്. അപ്പോൾ അയാൾ ഒരു അശരീരി കേട്ടു. ഹാജറാ ബീവിയുടെ സംഭവത്തെ അടിസ്ഥാനമാക്കി അയാൾ ആ ശബ്ദം പുറപ്പെടുവിച്ച ആളെ ഉദ്ദേശിച്ച് കൊണ്ട് നിന്റെ അടുക്കൽ വെള്ളമുണ്ടെങ്കിൽ എന്നെ സഹായിക്കൂ എന്ന് ദയനീയമായി സഹായതേട്ടം നടത്തിയാൽ മുസ്‌ലിയാർ ശിർക്ക് ചെയ്യുന്നില്ല'' (ശബാബ് 2005 ജൂലൈ 1)

2007 ലെ ശബാബിൽ ഇസ്‌ലാഹിനെ വിമർശിച്ച് കൊണ്ട് ലേഖനമെഴുതുമ്പോൾ 2005 ൽ സുല്ലമി തന്നെ ശബാബിൽ എഴുതിയ ഒരു ലേഖനത്തിന്റെ ഭാഗം അതിൽ എടുത്തുദ്ധരിക്കുകയുണ്ടായി. അപ്പോൾ അയാൾ ഇടയിൽ മുറിച്ച് മാറ്റിയ ഭാഗമാണീ കണ്ടത്. ഇപ്പോൾ ഇസ്‌ലാഹിനെതിരിൽ എഴുതുന്നത് അന്ന് മുസ്‌ലിയാർക്കെതിരിൽ എഴുതിയ തത്വത്തെ തകർക്കുന്നു എന്ന് ബോധ്യമുള്ളത് കൊണ്ട് തന്നെയാവാം ഈ വേല.

മറ്റുള്ളവർ പറയാത്തതും ഉദ്ദേശിക്കാത്തതും അവരുടെ മേൽ തെറ്റായി ആരോപിച്ച് മറുപടി ഒപ്പിക്കുക എന്നതിന്റെ ഒരു ഉദാഹരണമാണിത്.

‘‘മുജാഹിദുകൾ എവിടെയാണ് ജിന്നുകളെ വിളിച്ച് പ്രാർത്ഥിക്കാമെന്ന് പറഞ്ഞത്?’’ എന്ന് ചോദിക്കുന്ന സകരിയ്യാ സ്വലാഹിയുടെ വരികൾ ഉദ്ധരിച്ച ശേഷം അദ്ദേഹം എഴുതുന്നത് കാണുക: ‘‘മലക്കിനെയും ജിന്നുകളെയും വിളിച്ച് സഹായം തേടാം എന്നാണ് ഇസ്‌ലാഹ് മാസികയിൽ ജബ്ബാർ മൗലവി എഴുതിയത്. വിളിച്ച് പ്രാർത്ഥിക്കാമെന്ന് എഴുതിയിട്ടില്ല എന്നായി രിക്കും ഇവരുടെ അടുത്ത മറുപടി.’’ (ശബാബ് 4–5–2007)

ഈ സുല്ലമിയുടെ മനസ്സിലിരിപ്പ് കണ്ടില്ലേ?. തനിക്ക് ഖണ്ഡിക്കാൻ സൗകര്യം ഒപ്പിച്ച് കൊണ്ട് ആദ്യം നുണ ആരോപണം അനുമാനിക്കുക. എന്നിട്ട് രൂക്ഷമായി വിമർശിക്കുക!. മുഅ്ജിസത്ത് നിഷേധിക്കുന്നവർ എന്ന് സലഫികളെക്കുറിച്ച് ആരോപണം നടത്തി മറുപടി പറയുന്ന മുസ്‌ലി യാക്കൻമാരുടെ തനി പകർപ്പ്. മാത്രമല്ല, ‘വളച്ചൊടിക്കൽ, ദുർവ്യാഖ്യാനം’ എന്നെല്ലാം ആരോ പിച്ച ശേഷമാണ് മടവൂരീ മുഫ്തിയുടെ ഈ വളച്ചൊടി. ശേഷം ഇയാൾ ചോദിക്കുന്നു. ‘‘ഈ കണ്ടു പിടുത്തത്തിന്റെയും വിഭജനത്തിന്റെയും മാനദണ്ഡമെന്താണെന്ന് വിശദീകരിക്കുമല്ലോ?’’ (ശബാബ്).

സുല്ലമീ, നിങ്ങളെപ്പോലെ വളഞ്ഞ് തിരിഞ്ഞ് വിശദീകരിക്കേണ്ടതായ ഒരാവശ്യവുമില്ല. രണ്ട്മൂന്ന് വാക്യത്തിലൂടെ മറുപടി പറയാവുന്നതേയുള്ളൂ. ജിന്നുകളെ വിളിച്ച് പ്രാർത്ഥിക്കാ മെന്നോ സഹായം തേടാമെന്നോ ഇസ്‌ലാഹിലെ പ്രസ്തുത ലേഖനത്തിലെവിടെയുമില്ല. അങ്ങനെ എഴുതിയതായി കാണിച്ച് തരാൻ സാധ്യവുമല്ല. സഹായം തേടാമെന്ന് എഴുതിയിട്ടു ണ്ടെങ്കിലല്ലേ ‘പ്രാർത്ഥിക്കാമെന്ന് എഴുതിയിട്ടില്ല, സഹായം തേടാമെന്നേ എഴുതിയിട്ടുള്ളൂ’ എന്ന് മാറ്റിപ്പറയേണ്ടി വരിക?

ഇസ്‌ലാഹിലെ പ്രസ്തുത ലേഖനത്തെക്കുറിച്ച് ഈ സുല്ലമി വിമർശിക്കാനായി വിലയിരുത്തു ന്നത് കാണുക: ‘‘ഒരാൾ മലക്കിനെയും ജിന്നുകളെയും വിളിച്ച് സഹായം തേടിയാൽ അത് പ്രാർത്ഥനയല്ല. എന്നാൽ മരണപ്പെട്ടവരെയും ഈസാ നബി(അ)യെയും വിളിച്ച് സഹായം തേടിയാൽ പ്രാർത്ഥനയാണ്’’ (ശബാബ് 4–5–2007)

സുല്ലമിയുടെ ഭാഷയിൽ ചിന്തിക്കുമ്പോൾ മരുഭൂമിയിൽ അകപ്പെട്ട ഒരാൾ അശരീരി കേൾക്കു മ്പോൾ ഹാജറാ ബീവിയുടെ സംഭവം ഓർത്ത് അശരീരിക്കാരനോട് ഇസ്തിഗാസ ചെയ്യാം. അത് ശിർക്കല്ല. തന്റെ ശബ്ദം കേട്ട് സഹായിക്കാൻ കഴിയുന്നവർ സഹായിക്കട്ടെ എന്നുദ്ദേശിച്ച് വിളിച്ചാൽ ശിർക്ക്!. ഈ മനുഷ്യന്റെ ഒരു ഗതികേട്!. സുല്ലമീ, തന്റെ ശബ്ദം കേൾക്കുന്നവർ ഭൗതിക കഴിവിലൂടെ തന്നെ സഹായിക്കട്ടെ എന്നുദ്ദേശിക്കുന്നത് പോലെയല്ല ഭൗതിക ലോകം വിട്ടവരെയും മനുഷ്യലോകവുമായി ബന്ധം വിട്ടവരെയും വിളിച്ച് തേടൽ. അത് അഭൗതിക മാർഗ്ഗത്തിലൂടെ സഹായത്തിന് വേണ്ടിയുള്ള അപേക്ഷയാണ്. മരണമടഞ്ഞ മഹാൻമാരെ വിളിച്ച് ദുആ ചെയ്യുന്ന തങ്ങളുടെ ഇസ്തിഗാസ സമ്പ്രദായം ശിർക്കല്ല എന്ന് തെളിയിക്കാനായി ഒരു മുസ്‌ലിയാർ ഹദീസിലെ ഒരു സംഭവം എഴുതിയപ്പോൾ അതിൽ നാം തമ്മിൽ തർക്കത്തിലി രിക്കുന്ന ഇസ്തിഗാസയുമായി ബന്ധമുള്ള ഒന്നുമില്ലെന്ന് സമർത്ഥിക്കാൻ ശ്രമിച്ച സുല്ലമി അതേ കാര്യം ശിർക്കായിക്കൊണ്ട് മറ്റൊരു കൂട്ടരുടെ പേരിൽ ആരോപിച്ച് തിരിച്ചും എഴുതുമ്പോൾ മുസ്‌ലിയാക്കൻമാർ കൈ കൊട്ടിച്ചിരിക്കുന്നുണ്ടാകുമെന്ന് ചിന്തിക്കാൻ സുല്ലമിക്ക് കഴിയുന്നി ല്ലെങ്കിലും അത് ചിന്തിക്കാൻ ശബാബുകാർക്കും കഴിയുന്നില്ലല്ലോ എന്നതാണ് അത്ഭുതം!!. വെള്ളിയാഴ്ച ഖതീബ് മിമ്പറിൽ വെച്ച് വായിക്കുന്ന നബാതിയ്യ ഖുതുബയിൽ എന്ത് പറയുന്നു വെന്ന് സദസ്യർക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിലും മൊത്തത്തിൽ വഅളാണ് എന്ന് മനസ്സിലാ യാൽ മതി എന്ന സമസ്ത ചിന്താഗതി പോലെ സുല്ലമി പറയുന്നതും എഴുതുന്നതും മടവൂരി കൾക്ക് തന്നെ എതിരാണെങ്കിലും അതിലുള്ളത് ‘മൗലവി വിഭാഗ’ത്തോടുള്ള എതിർപ്പ് പ്രകടിപ്പി ക്കലല്ലേ എന്ന നിലപാടിലായിരിക്കാം അവരുള്ളത്.

സുല്ലമി തുടരുന്നു: ‘‘ഇവർ വീണ്ടും എഴുതുന്നു. മലക്കുകളെയും ജിന്നുകളെയും മറ്റാരെയും വിളിച്ച് തേടാൻ പാടില്ലെന്നും പ്രാർത്ഥനക്കുത്തരം നൽകാൻ അവർക്ക് കഴിയില്ലെന്നും ഖുർ ആൻ നമ്മെ പഠിപ്പിക്കുന്നു........(ഇസ്‌ലാഹ്. ഡിസ: 2006 ഡോ. കെ.കെ സകരിയ്യാ സ്വലാഹി).

മലക്കുകളെയും ജിന്നുകളെയും വിളിച്ച് സഹായം തേടൽ പ്രാർത്ഥന തന്നെയാണെന്ന് ഈ മൗലവി ഇവിടെ എഴുതുന്നു'' (ശബാബ് 4–5–2007).

'പ്രാർത്ഥനക്കുത്തരം നൽകാൻ അവർക്ക് കഴിയില്ലെന്നും' എന്ന് സ്വലാഹിയുടെ വരികളിൽ നിന്ന് ഈ സുല്ലമി എടുത്തുദ്ധരിച്ചതും കൂടെ ചേർത്ത് വായിക്കുക. അപ്പോൾ അവരോട് ദുആ ചെയ്യുന്നതിനെക്കുറിച്ച് തന്നെയാണ് സഹായാർത്ഥനയെന്ന് സ്വലാഹി പ്രയോഗിച്ചതെന്ന് വ്യക്ത മാവും.

ശേഷം സുല്ലമി ആവശ്യപ്പെടുന്നു: ''മലക്കിനെയും ജിന്നുകളെയും വിളിച്ച് സഹായം തേടൽ പ്രാർത്ഥനയല്ലെങ്കിൽ എപ്പോഴാണ് പ്രാർത്ഥനയാവുകയെന്നത് ഈ പുരോഹിതൻമാർ വ്യക്തമാ ക്കണം'' (ശബാബ് 4–5–2007)

2007 ഏപ്രിൽ മാസത്തിലെ ഇസ്‌ലാഹിൽ ഈയുള്ളവൻ എഴുതിയ വരികളെക്കുറിച്ചാണ് പരാ മർശമെങ്കിൽ വ്യക്തമാക്കാം. കേട്ടോളൂ. ബദ്ർ ശുഹദാക്കളെയും ജീലാനിയെയും വിളിച്ച് ഇസ്തിഗാസ ചെയ്യുന്ന ഇന്നത്തെ ആളുകൾ ജീവിച്ചിരിക്കുന്നവർ പരസ്പരം സഹായിക്കു കയും അവരോട് ഭൗതിക മാർഗ്ഗത്തിലൂടെയുള്ള സഹായത്തിന് വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്ന നിത്യ നടപ്പിനെ രേഖയാക്കാറുണ്ടല്ലോ?. അത്തരക്കാരോട് സുല്ലമി എന്താണ് മറുപടി പറയുക? അത് തന്നെയാണ് ഇസ്‌ലാഹിലെ പ്രസ്തുത ലേഖനത്തെ ആയുധമാക്കുന്ന സുല്ലമി യോടും പറയാനുള്ളത്.

രണ്ട് വിഷയമാണ് ഇസ്‌ലാഹിലെ പ്രസ്തുത ലേഖനത്തിലുള്ളത്. ഒന്ന്, അശരീരി കേട്ടപ്പോൾ ജിന്നായിരിക്കും എന്ന് മനസ്സിലാക്കി സഹായം ആവശ്യപ്പെട്ടത്. മറ്റൊന്ന്, എന്റെ ശബ്ദം കേൾക്കുന്ന ആ പ്രദേശത്തുള്ള ആരായാലും എനിക്ക് വഴി കാണിക്കട്ടെ എന്നുദ്ദേശിച്ച് കൊണ്ട് 'എനിക്ക് വഴി കാണിക്കണേ' എന്ന സഹായാഭ്യാർത്ഥന. ഇതിൽ ഏതിലാണ് അഭൗതിക മാർഗ്ഗ ത്തിൽ കാര്യകാരണ ബന്ധങ്ങൾക്കതീതമായിക്കൊണ്ടുള്ള സഹായതേട്ടമുള്ളതെന്ന് തെളിയി ക്കാൻ ഇസ്തിഗാസാ വാദികൾക്കോ അല്ലെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും നിന്ന് അവർക്ക് കോപ്പു കൂട്ടുന്ന എടവണ്ണ സുല്ലമിക്കോ സാധിച്ചിട്ടില്ല. സാധ്യമെങ്കിൽ തെളിയിക്കട്ടെ. പക്ഷെ ഒരു കാര്യം വേണം. സുല്ലമി കുത്തിക്കുറിച്ചതിലുള്ള അന്യായത്തിന്റെ മർമ്മത്ത് പിടികൂടു മ്പോൾ അതൊന്നും കാണാത്തവനെപ്പോലെ അത് വിട്ട് കളഞ്ഞ് മറ്റ് വല്ലതിലും പിടി കൂടുന്ന പേരോട് മുസ്‌ലിയാരുടെ സ്വഭാവം കാണിക്കരുത്.

എപ്പോഴാണ് പ്രാർത്ഥനയാവുക എന്നത് പുരോഹിതൻമാർ വ്യക്തമാക്കണമെന്ന് സുല്ലമി ആവ ശ്യപ്പെട്ടല്ലോ? അതിനുള്ള മറുപടിയും നൽകി. എന്നാൽ മരുഭൂമിയിൽ അകപ്പെട്ടവൻ ദാഹജല ത്തിനായി നെട്ടോട്ടമോടി. അപ്പോൾ അശരീരി കേൾക്കുന്നു. 'വെള്ളമുണ്ടെങ്കിൽ എന്നെ സഹാ യിക്കൂ' എന്ന് ദയനീയമായി അവൻ സഹായം തേടുന്നു. ഇത് പ്രാർത്ഥനയല്ല എന്നെഴുതിയ ശബാബിലെ പുരോഹിതൻ പ്രാർത്ഥനയായ സഹായതേട്ടവും പ്രാർത്ഥനയല്ലാത്ത സഹായതേ ട്ടവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കണം. ഹാജറ(റ)യുടെ സംഭവത്തെ അടിസ്ഥാനമാക്കി യാൽ പ്രാർത്ഥനയല്ല, അല്ലെങ്കിൽ പ്രാർത്ഥനയാണ്. ഇതിലെ വ്യത്യാസമെന്ത്? സുല്ലമിയും മുരീ ദുമാരും വ്യക്തമാക്കട്ടെ.

''അത് പോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെ ടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെ ട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവതല്ല'' എന്ന് യുവതയുടെ പ്രസിദ്ധീകരണത്തിൽ നിന്ന് ഉദ്ധരിച്ചതിനും ശബാബിലെ പുരോഹിതൻ മറുപടി പറയണം. എന്ത് കൊണ്ടത് പ്രാർത്ഥന യായില്ല? വ്യത്യാസമെന്ത്?. സുല്ലമിയുടെ ഭാഷയിലുള്ള യുവതയിലെ പുരോഹിതൻമാർ ഒന്നിച്ചി രുന്ന് ശബാബിലെ പുരോഹിതന് മറുപടി പഠിപ്പിച്ച് കൊടുക്കട്ടെ. ഒന്ന് തന്നെ തിരിച്ചും മറിച്ചും എഴുതി പർവ്വതീകരിച്ച് കാണിക്കുക എന്നത് ഏകപക്ഷീയമായ യോഗ്യതയാണെന്ന് ആരും ധരി ക്കേണ്ടതില്ല.

സുല്ലമി തുടരുന്നു. ''ഒരു മതിലിനപ്പുറത്ത് നിന്ന് ഒരാൾക്ക് മറ്റൊരു മനുഷ്യരോട് സഹായം ചോദിക്കുക. കത്തിലൂടെയോ ഫോണിലൂടെയോ ഒരു വിരിയുടെ പിന്നിൽ നിന്ന് കൊണ്ടോ സഹായം ചോദിക്കുക മുതലായവക്ക് തുല്യം തന്നെയാണ് വിജനമായ മരുഭൂമിയിൽ അകപ്പെട്ട വൻ മലക്കുകളെയും ജിന്നുകളെയും വിളിച്ച് സഹായം തേടുന്നതെന്ന് പറയുവാൻ മാത്രം ഈ വർഗ്ഗം അധ:പതിച്ചിരിക്കുകയാണ്'' (ശബാബ് 4-5-2007).

ഒരു വിരിയുടെ പിന്നിൽ നിന്ന് സഹായം ചോദിക്കലും മരുഭൂമിയിൽ അകപ്പെട്ടവൻ മലക്കിനെ വിളിച്ച് സഹായം തേടലും ഒരു പോലെയാണെന്ന് ആരാണ് പറഞ്ഞത്?. സാക്ഷാൽ അബ്ദുസ്സലാം സുല്ലമി തന്നെ!.

ജനവാസമില്ലാത്ത മരുപ്രദേശത്ത് കൈകുഞ്ഞുമായി കുടുങ്ങിയ ഹാജറ(റ) ആ സമയം അശരീരി കേട്ടപ്പോൾ മലക്കിനെ വിളിച്ച് സഹായാർത്ഥന നടത്തിയത് ഖുറാഫീ മുസ്‌ലിയാർ തങ്ങൾക്ക് തെളിവായി ഉദ്ധരിച്ചപ്പോൾ മനുഷ്യനോട് മതിലിനപ്പുറം നിന്ന് സംസാരിക്കലും ഹാജറ(റ) മലക്കിനോട് സഹായം ചോദിച്ചതും ഒരു പോലെയാണെന്ന് എഴുതാൻ മാത്രം സുല്ലമി 'അധ:പതിച്ചു'. കഷ്ടം!!. ദാഹജലമില്ലാതെ മരുഭൂമിയിൽ നെട്ടോട്ടം ഓടുക്കുന്ന ഒരാൾ മലക്കിനോട് ഇസ്തിഗാസ ചെയ്താൽ അത് പ്രാർത്ഥനയല്ലെന്ന് ശബാബിൽ ഉണ്ടല്ലോ എന്നറിയുന്ന സുല്ലമിയും എഴുതിപ്പിക്കുന്നവരും തന്നെയല്ലേ ഇക്കണക്കിന് അധ:പതിച്ചവർ? താങ്കൾ എഴുതിയത് എന്താണെന്ന് താങ്കൾക്ക് തന്നെ അറിയുമോ? ഒന്ന് പറഞ്ഞാൽ മറ്റേതിനെതിര്. താങ്കൾക്ക് താവളവും താളുകളും അനുവദിച്ചവർ അപ്പോൾ കൂടെയുണ്ടാവുമോ? പല്ലി, പാമ്പ്, ചെള്ള്, മൂട്ട, കൊതുക്, സിഹ്റ് എന്നിവ കുത്തി നിറച്ച് താളുകൾ നിറക്കാൻ താങ്കളിൽ നിന്ന് അഭ്യാസം ലഭിച്ച ഒന്നുരണ്ട് പേർ അന്നും കൂടെയുണ്ടാവുമെന്ന് സമാധാനിക്കുക.

സുല്ലമി പറയുന്നു: ''അൽമനാറിൽ എഴുതുന്നു. ''ചുരുക്കത്തിൽ അഭൗതികമായ മാർഗ്ഗത്തിൽ ഗുണവും ദോഷവും വരുത്താനുള്ള കഴിവ് ഒരു വ്യക്തിക്കോ ശക്തിക്കോ ഉണ്ടെന്ന് വിശ്വസിച്ച് കൊണ്ട് അതിന്റെ മുമ്പിലർപ്പിക്കുന്ന വിധേയത്വം, താഴ്മ, വന്ദനം, ഭയം, സ്നേഹം, നോട്ടം, അവയവങ്ങളുടെ ചലനം തുടങ്ങിയവയെല്ലാം ഇബാദത്താണ്. കാരണം............'' (അൽമനാർ 1994 ഒക്ടോബർ. കുഞ്ഞീതു മദനി. പേജ് 17)'' (ശബാബ് 4-5-2007).

ഒരു വസ്തുവിനെക്കുറിച്ച് അഭൗതികമാർഗ്ഗത്തിൽ ഗുണവും ദോഷവും ചെയ്യാനുള്ള കഴിവുണ്ടെന്ന വിശ്വാസം തന്നെ ശിർക്കാണ്. ആ വിശ്വാസത്തോടെ അതിനർപ്പിക്കപ്പെടുന്ന വിനയാദരവിന്റെ എല്ലാ ഇനവും ആരാധനയാവും. കുഞ്ഞീതു മദനി എഴുതിയ അക്കാര്യം സലഫികൾ അംഗീകരിക്കുന്ന കാര്യമാണ്. ഇതനുസരിച്ച് ഇസ്‌ലാഹിൽ എഴുതിയത് പ്രാർത്ഥനയാണെന്ന് സമർത്ഥിക്കാൻ ഈ സുല്ലമിക്ക് സാധ്യമല്ല. അഥവാ അങ്ങനെ സ്ഥാപിക്കുന്നുവെങ്കിൽ സുല്ലമി ശബാബിൽ എഴുതിയതും തെറ്റായി എന്ന് സമ്മതിക്കണം. ഏതായാലും മനുഷ്യ കഴിവിൽ പെടാത്തത് തേടുക എന്ന് കുഞ്ഞീതു മദനി പറഞ്ഞിട്ടുണ്ട് എന്ന് എല്ലായിടത്തും പാടിക്കൊണ്ടിരുന്ന സുല്ലമി ''വ്യക്തിക്കൊ ശക്തിക്കൊ'' എന്ന് തന്നെ മദനി എഴുതിയതായി സ്വന്തം പേന കൊണ്ട് കുറിച്ച് വെച്ചത് നല്ലത് തന്നെ.

മനുഷ്യ കഴിവിൽ പെടാത്തത് അല്ലാഹുവല്ലാത്തവരോട് തേടലാണ് പ്രാർത്ഥന, അങ്ങനെയാണ് പഴയ നിർവ്വചനം, ഇപ്പോൾ 'നവയാഥാസ്ഥിതികർ' അത് മാറ്റിയിരിക്കുന്നു, സൃഷ്ടികളുടെ കഴിവിൽ പെടാത്തത് എന്നാക്കി അവർ മാറ്റി എന്നിങ്ങനെയൊക്കെ ഇടക്കിടെ എഴുതിക്കൊണ്ടിരിക്കുകയും അത് തന്നെപ്പോലെയുള്ള സലഫീ വിരുദ്ധർക്ക് വലിയൊരു ആയുധം തന്നെയാകുന്നുവെന്ന് വ്യാമോഹിക്കുകയും ചെയ്ത സുല്ലമിക്ക് പഴയ നിർവ്വചനമായി ആകെ കിട്ടിയത് കുഞ്ഞീതു മദനി എഴുതിയതാണ്. എന്നാൽ സുല്ലമി അറിയണം, താങ്കൾ എഴുന്നേറ്റ് നിൽക്കാനും പിച്ച വെക്കാനും തുടങ്ങുന്നതിന്റെ മുമ്പ് തന്നെ 'സൃഷ്ടികളുടെ കഴിവിൽ പെടാത്തത് ചോദിക്കലാണ് പ്രാർത്ഥന' എന്ന വിശദീകരണം മുൻകാലത്ത് തന്നെ സലഫീ പണ്ഡിതൻമാർ എഴുതിയതെങ്കിലും സുല്ലമി വായിക്കട്ടെ.

നെല്ലിക്കുത്ത് മുസ്‌ലിയാർക്ക് മറുപടി പറയവേ സുല്ലമി പറയുന്നു. ‘‘സാധാരണ ഗതിയിലുള്ള ഭക്തിയും വിധേയത്വവും അനുസരണവും ഇബാദത്തായിത്തീരുകയില്ല എന്ന് മുസ്‌ലിയാർ ഇവിടെ സമ്മതിക്കുന്നു.............ഇതിന് തന്നെയാണ് ‘മറഞ്ഞ വഴി, അഭൗതിക മാർഗ്ഗം, കാര്യകാരണ ബന്ധത്തിനതീതം’ എന്നെല്ലാം പറഞ്ഞ് വരുന്നത്’’ (തൗഹീദ് ഒരു സമഗ്ര വിശകലനം. പേജ് 69).

എന്താണിവിടെ അസാധാരണം, അഭൗതികം എന്നിവ കൊണ്ടെല്ലാം സുല്ലമി മനസ്സിലാക്കിയിട്ടുള്ളത്?. മനുഷ്യർക്ക് കഴിയാത്ത കാര്യം എന്നാണോ?. എങ്കിൽ അശരീരി കേട്ടാൽ എന്ത് കൊണ്ട് ശബ്ദം പുറപ്പെടുവിച്ചവർക്ക് സഹായിക്കാൻ കഴിയുന്നു?. ഹാജറ(റ)യുടെ സംഭവം അടിസ്ഥാനമാക്കി സഹായാർത്ഥന നടത്തുകയാണെങ്കിൽ മനുഷ്യ കഴിവിൽ പെടാത്തതെല്ലാം ഭൗതികവും സാധാരണവുമാകുമോ?. സുല്ലമി കാര്യം തുറന്ന് വ്യക്തമാക്കണം. എന്തെങ്കിലും വരച്ച് വിടാൻ മാത്രം പഠിച്ച് വെച്ചാൽ പോര. എഴുതി വിട്ടതിനെക്കുറിച്ച് ചോദ്യം വന്നാൽ മറുപടി പറയാനും ആദ്യമേ പഠിച്ച് വെക്കുക. എതിർത്തെഴുതുക എന്നത് മാത്രം ലക്ഷ്യം വെച്ച് നോക്കിയിരിക്കുക, എന്തെങ്കിലും ഒന്ന് കണ്ടാൽ ‘കിട്ടിപ്പോയി’ എന്ന നിലക്ക് ഉടൻ ചാടിക്കൊത്തുക, മറുപടി കിട്ടിയാൽ പിന്നെ അക്കാര്യത്തിൽ മൗനം പാലിക്കുക. ഇതാണല്ലോ ഈ സുല്ലമിയുടെ സ്ഥിരം ഏർപ്പാട്. അങ്ങനെ പത്ത് സ്ഥലത്ത് പത്തി മടക്കിയാലും പഠിക്കുമോ? അതുമില്ല. ഇനിയും കൊത്താൻ വേറെ വല്ലതും കിട്ടുമോ എന്ന് നോക്കിയിരിക്കും. ഇതാണ് മുഫ്തിയുടെ സ്വഭാവം!!!